നബി(ﷺ)യുടെ വിവാഹങ്ങൾ, വസ്തുതയെന്ത് ??

[Malayalam]

زواج الرسول صلى الله عليه وسلم،

ما هي الحقيقة ؟؟

[باللغة مليالم]

മുഹമ്മദ് അമാനി മൗലവി

إعداد : محمد اماني مولوي رحمه الله

എഡിറ്റർ: ഉദിനൂർ മുഹമ്മദ് കുഞ്ഞി

مراجعة: محمد كنهي حميد

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

islamhouse.com

1429 - 2008

بِسْمِ اللهِ الرَّحْمَنِ الرَّحِيم

പ്രസ്താവന

ഇസ്ലാമിനെ സംബന്ധിച്ച് തെറ്റുധാരണയുണ്ടാക്കുവാൻ ശത്രുക്കൾ ഉപയോഗപ്പെടുത്തുന്ന അതിപ്രധാനമായ ഒരു വിഷയമാണ് നബി(ﷺ)യുടെ വിവാഹങ്ങൾ. അതിന്റെ സത്യാവസ്ഥയും ഓരോ വിവാഹത്തിന്നും പിന്നിലെ പ്രബോധനപരവും ഇസ്ലാമിനു ശക്തിപകരുന്നതുമായ ലക്ഷ്യങ്ങൾ വിശദമായി വിലയിരുത്തുന്നു ഈ കൃതിയിൽ. മർഹൂം മുഹമ്മദ് അമാനി മൗലവി തന്റെ പ്രസിദ്ധ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥമായ 'വിശുദ്ധ ക്വുർആൻ വിവരണത്തിൽ' വിവരണക്കുറിപ്പായി ചേർത്ത ദീർഘലേഖനമാണിത്. നബി(ﷺ) യുടെ വിവാഹ

ങ്ങളെ സംബന്ധിച്ച സംശയങ്ങളൊന്നും ഈ കൃതി വായിക്കുന്നവരിൽ അവശേഷിക്കുകയില്ലെന്നുറപ്പിക്കാം. ഇതൊരു സദ്കർമമായി അല്ലാഹു സ്വീകരിക്കട്ടെ.

പ്രസാധകർ

1

നബി(ﷺ)യുടെ ഒന്നാമത്തെ വിവാഹം

ഇസ്ലാമിന്റെ വൈരികൾ, അതിന്റെയും, അന്ത്യപ്രവാചകരായ നബി(ﷺ) തിരുമേനിയുടെയും പേരിൽ പല ആക്ഷേപങ്ങളും അപവാദങ്ങളും ഇറക്കുമതി ചെയ്യുക പതിവാണ്. അക്കൂട്ടത്തിൽ ഒന്നത്രെ നബി(ﷺ)യുടെ വിവാഹവും. മുസ്ലിംകൾക്ക് കവിഞ്ഞ പക്ഷം നാലു ഭാര്യമാരെ സ്വീകരിക്കുവാനേ പാ

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

ടുള്ളൂ. അതേ സമയത്തു നബി (ﷺ) ചരമം പ്രാപിക്കുമ്പോൾ അവിടുത്തേക്ക് ഒമ്പത് ഭാര്യമാരുണ്ടായിരുന്നു. അപ്പോൾ നബി (ﷺ) ഒരു പെൺമോഹിയും കാമാസക്തനും ആയിരുന്നുവെന്നാണ് ഇവരുടെ ആക്ഷേപത്തിന്റെയും അപവാ ദത്തിന്റെയും ആകത്തുക. പണ്ഡിതോചിതവും, വസ്തുനിഷ്ഠവുമായ എത്രയോ മറുപടികൾ പലരാലും ഇതിനു നൽകപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, അതൊന്നും ചെവിക്കൊള്ളുവാൻ അവരുടെ സ്ഥാപിത താൽപര്യങ്ങൾ അവരെ അനുവദിക്കാറില്ല. പ്രവാചകൻമാരുടെ സ്ഥാനപദവികളും, സമുദായവും അവരും തമ്മിലുള്ള കെട്ടുപാടുകളും മറ്റും മനസ്സിലാക്കുകയും, വിലയിരുത്തുകയും ചെയ്യുന്നവർക്കേ ആ മറുപടികൾ ഫലപ്രദമാവുകയുള്ളൂ. ഈ വിഷയകരമായി വന്നിട്ടുള്ള ക്വുർആന്റെ പ്രസ്താവനകൾ പരിശോധിക്കുകയും, നബി(ﷺ) തിരുമേ

നിയുടെ ഓരോ വിവാഹവും നടന്ന പരിതസ്ഥിതികൾ ഗ്രഹിക്കുകയും ചെയ്യുന്ന പക്ഷം ആർക്കും ഇവിടെ യാതൊരു ആക്ഷേപത്തിനും, ആശയക്കുഴപ്പത്തിനും വഴിയില്ല. നബി (ﷺ) തിരുമേനിയുടെ വിവാഹങ്ങളെക്കുറിച്ച് ഒരു ചുരുങ്ങിയ വിവരണം നൽകുക മാത്രമാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം.

ഖദീജഃ (റ)യുമായുള്ള വിവാഹമാണ് നബി (ﷺ) യുടെ ഒന്നാമത്തെ വിവാഹം. അന്നു തിരുമേനിക്ക് 25 വയസ്സ് പ്രായമാണ്. ദാമ്പത്യ ജീവിതത്തിൽ പ്രവേശിക്കുവാൻ വളരേ ഉപയുക്തമായ പ്രായം തന്നെ. എന്നാൽ, ഖദീജഃ (g) യാകട്ടെ, മുമ്പ് രണ്ടു വിവാഹം കഴിക്കുകയും, 40 വയസ്സെത്തി വയോധികയായിത്തീരുകയും ചെയ്തിരുന്നു. അബ്ദുൽ മുത്ത്വലിബിന്റെ പൗത്രനായ മുഹമ്മദിന്റെ സവിശേഷ സ്വഭാവങ്ങളും, അദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള സ

ൽപ്രതീക്ഷകളും ആ മഹതിയെ ആകർഷിച്ചു. ക്വുറൈശികളിൽ തനിക്കുള്ള കീർത്തിസ്ഥാനങ്ങളോ, തന്റെ ധനാധിക്യമോ, അല്ലെങ്കിൽ മുഹമ്മദിന്റെ അനാഥാവസ്ഥയോ, ദാരിദ്രമോ– ഒന്നും തന്നെ–ആ മഹതി പരിഗണിച്ചില്ല. ഖദീജ (g)യുടെ അഭിലാഷമനുസരിച്ച് തിരുമേനിയുടെ പിതൃവ്യൻ അബൂത്വാലിബ് മുഖാന്തരം ആ വിവാഹം നടന്നു. 25കാരനായയുവാവും, 40കാരിയായ വയോധികയും തമ്മിലുള്ള ആ വിവാഹബന്ധം 25 വർഷം നിലനിന്നു. ഇതിനിടയ്ക്കു എന്തെങ്കിലും പൊരുത്തക്കേടോ, സ്വരച്ചേർച്ചയില്ലായ്മയോ അവർക്കിടയിൽ ഉണ്ടായില്ല. നബി (ﷺ) മറ്റൊരു വിവാഹാലോചന നടത്തുകയും ഉണ്ടായില്ല. ഠവണമെങ്കിൽ അതിനു യാതൊരു തടസ്സവും ഉണ്ടായിരുന്നില്ലതാനും. തിരുമേനിയുടെ ഏഴു മക്കളിൽ, ഇബ്രാഹീം എന്ന മകൻ ഒഴിച്ച് ബാക്കി എല്ലാവരും ഈ

വിവാഹത്തിൽ ജനിച്ചവരത്രെ. നബി(ﷺ) യുടെ സന്താനപരമ്പര ശേഷിച്ചതും അവരിൽ നിന്നു തന്നെ. നബി(ﷺ) യുടെ സന്തോഷ സന്താപങ്ങളിലും, പ്രബോ ധന കൃത്യങ്ങളി ലുമെല്ലാം ഖദീജ(g) വഹിച്ച പങ്ക് ചരിത്ര പ്രസിദ്ധമാണ്. ഇ വർ ചരമം പ്രാപിച്ച കൊല്ലത്തിനു ദുഃഖ വർഷം എന്നുപോ ലും നബി(ﷺ) പേ രിട്ടു. തിരുമേനിയുടെ വിയോഗം വരെ യും അവരെക്കുറിച്ചുള്ള പ്രശംസകളും അനുസ്മരണങ്ങളും തിരുമേനിയിൽ പ്ര കടമായിരുന്നു.

ആഇശഃ (g) പറയുകയാണ്: 'എനി ക്കു ഖദീജ (g) യുടെ പേരിൽ തോന്നി യ അത്ര വിഷമം നബി (ﷺ) യുടെ മറ്റു ഭാര്യമാരുടെ നേരെയൊന്നും ഉണ്ടായി ട്ടില്ല. ഞാൻ ഖദീജഃ(g)യെ കണ്ടിട്ടു പോലുമില്ല. പക്ഷേ, തിരുമേനി അവരെ

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

ക്കുറിച്ച് ധാരാളം പ്രസ്താവിച്ചു കൊണ്ടി രിക്കും. ചിലപ്പോൾ ഒരു ആട്ടിനെ അറു ത്താൽ, അത് കഷ്ണിച്ച് ഖദീജഃയുടെ തോഴിമാർക്ക് അയച്ചുകൊടുക്കും. അങ്ങ നെ ഞാൻ പറഞ്ഞേക്കും: ഇഹലോക ത്തു ഖദീജഃയല്ലാതെ വേറെ പെണ്ണില്ലെ ന്നു തോന്നുന്നു! അപ്പോൾ തിരുമേനി മറുപടി പറയും: അതെ, അവർ അങ്ങി നെയായിരുന്നു ഇങ്ങിനെയായിരുന്നു, എ നിക്ക് അവരിൽ നിന്നാണ് സന്താനങ്ങ ളുണ്ടായത് എന്നൊക്കെ' (ബു.മു). ഒ ന്നാമതായി ഇസ്ലാമിൽ വിശ്വസിച്ചത് ഖദീജഃ(g)യാണെന്നാണ് പല ചരിത്ര കാരൻമാരുടെയും അഭിപ്രായം.

ഇതെല്ലാം മുന്നിൽ വെച്ചുകൊണ്ട് ആലോചിച്ചാൽ, ഖദീജ(g)യുടെ കാല ശേഷം–50 വയസ്സ് പ്രായമെത്തിയ നബി (ﷺ)–വേറെ വിവാഹം നടത്തിയിട്ടുണ്ടെ ങ്കിൽ അതിന്റെ ഉദ്ദേശ്യം, ദാമ്പത്യ ജീവിതം അനുഭവിക്കലായിരുന്നില്ല എ

ന്നു കാണുവാൻ വലിയ ബുദ്ധി ശക്തിയൊന്നും ആവശ്യമില്ല. പക്ഷേ, തുറന്ന മനഃസ്ഥിതിയും, നിഷ്പക്ഷ വീക്ഷണഗതിയും ഇല്ലാത്തവർക്ക് അത് കാണാൻ കഴിഞ്ഞെന്നു വരികയില്ല. ഖദീജ(റ)യുടെ ശേഷം നടന്നിട്ടുള്ള വിവാഹങ്ങൾക്കുള്ള കാരണങ്ങളെ സാമാന്യമായി നമുക്കൊന്നു പരിചയപ്പെടാം.

2

മറ്റു വിവാഹങ്ങൾക്ക് പൊതുവിലുള്ള കാരണങ്ങൾ

സൂ: അഹ്സാബിലെ 50, 51, 52 വചനങ്ങളിലെ ഉള്ളടക്കം മനസ്സിലാക്കുകയും അല്ലാഹുവിലും, നബിയിലും ക്വുർആനിലും വിശ്വസിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും തന്നെ തിരുമേനി കൂടുതൽ ഭാര്യമാരെ സ്വീകരിച്ചതിനെക്കുറിച്ചു എന്തെങ്കിലും ആശയകുഴപ്പം തോന്നുവാനിടയില്ല. അല്ലാഹു നബി

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

(ﷺ)ക്ക് സ്പഷ്ടമായ ഭാഷയിൽ – അനുവദിച്ചു കൊടുത്തതല്ലാതെ അവിടുന്നു യാതൊന്നും ചെയ്തിട്ടില്ലെന്നു തീർത്ത് പറയാം. അല്ലാഹു അനുവദിച്ച വിഷയത്തിൽ ചോദ്യം ചെയ്യുവാൻ മറ്റാർക്കും യാതൊ രധികാരവും, അവകാശവുമില്ല. അവന്റെ അനുവാദത്തിൽ അടങ്ങിയ യുക്തി രഹസ്യങ്ങളെ – അവ മുഴുവനും മനസ്സിലാക്കുക നമുക്കു സാധ്യമല്ല. ആരായുക മാത്രമെ നാം ചെയ്യേണ്ടതുള്ളൂ.

നബി (ﷺ)ക്കു പ്രത്യേകമായി കൂടുതൽ ഭാര്യമാരെ അനുവദിച്ചതിൽ അടങ്ങിയ ചില രഹസ്യങ്ങൾ താഴെ പറയുന്നവയാകുന്നു.

1) കേവലം ചില വിശ്വാസാചാരങ്ങൾ മാത്രം അടങ്ങിയ മതമല്ല ഇസ്ലാം. മനുഷ്യജീവിതത്തിന്റെ സകല വശങ്ങളെയും സ്പർശിക്കുന്ന അതിവിശാലവും, വിപുലവുമായ ഒരു നിയമ സംഹിതയത്രെ ഇസ്ലാം. അതിന്റെ

പ്രായോഗിക മാതൃകയാകട്ടെ, നബി (ﷺ)തിരുമേനിയുടെ ജീവിതചര്യയുമാകുന്നു. അവിടുത്തെ ദൗത്യമാണെങ്കിൽ, കാലദേശവ്യത്യാസം കൂടാതെ ലോകാവസാനം വരേക്കുള്ളതും. മനുഷ്യവർഗ്ഗത്തിന്റെ പകുതി ഭാഗമോ, അതിലധികം തന്നെയോ വരുന്ന സ്ത്രീവിഭാഗത്തെ പ്രത്യേകം സ്പർശിക്കുന്ന നിയമനിർദ്ദേശങ്ങളും, നടപടിക്രമങ്ങളും ഇസ്ലാമിലുണ്ട്. വൈവാഹികം, ഗാർഹികം തുടങ്ങിയ ജീവിതവശങ്ങളിലും, കോടിക്കണക്കായ മുസ്ലിംകൾ മാതൃകയാക്കേണ്ടത് നബി(ﷺ) തിരുമേനിയെയാണ്, സ്ത്രീകൾ – അതെ, ഭാര്യമാർ – വഴിയല്ലാതെ അറിയുവാനും അറിയപ്പെടുവാനും സൗകര്യമില്ലാതെ പലതും ഇതിൽ ഉൾപ്പെടുമെന്ന് പറയേണ്ടതില്ല. ഇത്തരം വിഷയങ്ങളിൽ മാത്രമല്ല, ശാഖാപരമായ ഇതര

തുറകളിലുള്ള എത്രയോ മത നിയമങ്ങളും സമുദായത്തിന് നബി(ﷺ) യുടെ ഭാര്യമാർ–വിശേഷിച്ചും ആയിശഃ(g) മുഖാന്തിരം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നത് അനിഷേധ്യമത്രെ.

മുശ്രിക്കുകളിൽ പെട്ട ഒരാൾ പരിഹാസപൂർവ്വം ഇങ്ങിനെ പറയുകയുണ്ടായി: നിങ്ങളുടെ ആൾ – നബി (ﷺ)–നിങ്ങൾക്കു മലമൂത്ര വിസർജനം ചെയ്‌വാൻ പോലും പഠിപ്പിച്ചു തരുന്നതായി കാണുന്നുവല്ലോ!' ഇതു കേട്ട് സൽമാൻ(رضي الله عنه) അഭിമാനത്തോടെ പറഞ്ഞു: അതെ, (മലമൂത്ര വേളയിൽ) ക്വിബ്ലലക്കു തിരിഞ്ഞിരിക്കരുത്, വലത്തേ കൈകൊണ്ട് ശുദ്ധം ചെയ്യരുത്, (കല്ലുകൊണ്ട് ശുദ്ധം ചെയ്യുമ്പോൾ) മൂന്നു കല്ലിൽ കുറഞ്ഞു മതിയാക്കരുത്, അതിൽ കാഷ്

ടവും എല്ലും ഉണ്ടാകരുത് എന്നൊ
ക്കെ അദ്ദേഹം ഞങ്ങളോട് കൽപി
ച്ചിട്ടുണ്ട്.(ബു:മു.) ഇത്ര ചെറിയ സം
ഗ തികളിൽപോലും സമുദായത്തിന്
നബി(ﷺ)യിൽ നിന്ന് മാതൃകയും,
നിർദ്ദേശങ്ങളും ലഭിക്കേണ്ടതുണ്ട് എ
ന്നു സാരം. ഇപ്പറഞ്ഞവ പുരുഷന്മാർ
മൂഖാന്തരം അന്യോന്യം അറിയാവു
ന്നതാണങ്കിലും, ഇതുപോലെയുള്ള
മറ്റു ചില കാര്യങ്ങൾ സ്ത്രീകൾ
മുഖാന്തരം അറിയേണ്ടിയിരിക്കുന്നു.
ഋതുകാലങ്ങളിൽ വീട്ടുകാര്യങ്ങളി
ലും ഭർത്താക്കളുടെ കാര്യത്തിലുമെ
ല്ലാം സ്ത്രീകൾ പെരുമാറേണ്ടതെങ്ങ
നെ? ആദിയായ പലതും ഇതിനു ഉദാ
ഹരണങ്ങളാണ്. അപ്പോൾ, ഇങ്ങിനെ
യുള്ള മഹത്തായ പല ആവശ്യങ്ങ
ളും നിറവേറുവാനെന്ന ലക്ഷ്യത്തെ
മുൻനിർത്തി നബി(ﷺ) ഒന്നിലധികം

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

വിവാഹം ചെയ്യേണ്ടതുണ്ടതുണ്ടെന്നു
ഊഹിക്കുവാൻ പ്രയാസമില്ല.

2) പ്രവാചകത്വം സിദ്ധിച്ചതിനുശേഷം,
നബി(ﷺ) മക്കായിലായിരുന്ന ആദ്യ
ഘട്ടത്തിൽ, അവിടുത്തെ പ്രബോധന
വിഷയം പ്രധാനമായും ഇസ്‌ലാമി
ന്റെ മൗലിക സിദ്ധാന്തങ്ങളായിരുന്നു.
അതിന്റെ പ്രചാരണത്തിൽ സ്ത്രീ പു
രുഷ ഭേദമന്യെ എല്ലാ മുസ്‌ലിംകളും
അവരുടെ കഴിവു വിനിയോഗിച്ചിരു
ന്നു. പിന്നീട് – മദീനയിൽ വന്നതു
മുതൽ അവയ്ക്കു പുറമെ അനുഷ്
ഠാന പരവും കർമ്മപരവുമായ വിശദ
നിയമനിർദ്ദേശങ്ങളും പ്രബോധന
വിഷയങ്ങളായിത്തീർന്നു.
മതകാര്യങ്ങൾ പഠിപ്പിക്കുവാനും, പ്ര
ച രിപ്പിക്കുവാനും ഇന്നത്തെപ്പോലെ
യുള്ള സ്ഥാപനങ്ങൾ അന്നില്ലല്ലോ.
അന്നുണ്ടായിരുന്ന ഏക മത വിദ്യാല
യം മദീനാ പള്ളിയുടെ കോലായ

യായിരുന്നു. കേവലം ദരിദ്രരും, പാർപ്പിടം പോലുമില്ലാത്തവരുമായിരുന്ന ചില പാവങ്ങൾ അതെ, മുസ്‌ലിം ലോകത്തിന്റെ ഉത്തമ നേതാക്കളും സത്യവിശ്വാസികളുടെ മാതൃകാപുരുഷൻമാരുമായ അബൂഹുറയ്റ(رضي الله عنه), അമ്മാർ(رضي الله عنه), ബിലാൽ(رضي الله عنه), സ്വഹൈബ്(رضي الله عنه), സൽമാൻ(رضي الله عنه) മുതലായ മഹാന്മാർ ആയിരുന്ന ആ ഏക ഉന്നത വിദ്യാലയത്തിലെ സാധാരണ അദ്ധ്യാപകൻമാർ. ഇതേ സമയത്തു മുസ്‌ലിം വനിതകൾക്കായി നടത്തപ്പെട്ടിരുന്ന ചില സ്വകാര്യ വനിതാ വിദ്യാലയങ്ങളും മദീനായിലുണ്ടായിരുന്നുതാനും. മദീനാപള്ളിയുടെ പരിസരങ്ങളിൽ അങ്ങിങ്ങായി കാണപ്പെട്ടിരുന്ന ചെറ്റക്കുടിലുകളായിരുന്നു അത്. അതെ, നബി(ﷺ) തിരുമേനിയുടെ ഭാര്യമാരും, സത്യവിശ്വാസിക

നബി(ﷺ)യുടെ വിവാഹങ്ങൾ, വസ്തുതയെന്ത് ??

ളുടെ മാതാക്കളും വസിച്ചിരുന്നത് അവയിലായിരുന്നു. അവർ ഓരോരുത്തരും അതതിലെ അദ്ധ്യാപികകളായിരുന്നു. ഇവരിൽ ചിലരെല്ലാം നബി(ﷺ)യുടെ നാമമാത്ര ഭാര്യയായിരിക്കുകയെന്ന ഭാഗ്യംകൊണ്ട് തൃപ്തിപ്പെട്ട് ഇസ്‌ലാം മതപഠനത്തിനും, അതിന്റെ പ്രചരണത്തിനും, സേവനത്തിനുമായി ജീവിതം ഉഴിഞ്ഞു വെച്ചവരായിരുന്നു. ഖലീഫാ അബൂബക്ർ(رضي الله عنه), ഉമർ(رضي الله عنه) മുതലായ പല പ്രഗൽഭ സ്വഹാബികളും തങ്ങൾക്കു നേരിടുന്ന എത്രയോ സംശയങ്ങൾക്കു നിവാരണം കണ്ടെത്തുവാൻ തങ്ങളുടെ മാതാക്കളെ – അതെ, തിരുമേനിയുടെ ഭാര്യമാരെ – സമീപിക്കുകയായിരുന്നു ചെയ്തിരുന്നത്. ഹദീഥ് ഗ്രന്ഥങ്ങളും, ചരിത്രഗ്രന്ഥങ്ങളും കണ്ണു

തുറന്നു പരിശോധിച്ചാൽ ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം.

3) ഇസ്ലാമിന്റെയും, മുസ്ലിംകളുടെയും നേരെ അറബിഗോത്രങ്ങൾ സ്വീകരിച്ചുവന്ന ശത്രുതയും, അക്രമ മർദ്ദനങ്ങളും, യുദ്ധസംരംഭങ്ങളും വിസ്മരിക്കേണ്ടതില്ല. ഈ അവസരത്തിൽ, പ്രധാന അറബിഗോത്രങ്ങളുമായി വൈവാഹികബന്ധം ഉണ്ടായിത്തീരുന്നതു പല നിലക്കും ഉപകരിക്കുമായിരുന്നു. ഇന്നത്തെപ്പോലെ വിശേഷിച്ചും നമ്മുടെ നാടുകളിലെപ്പോലെ കുടുംബ ബന്ധത്തിനും വൈവാഹിക ബന്ധത്തിനും വിലകൽപ്പിക്കപ്പെടാത്ത സമ്പ്രദായമല്ലായിരുന്നു അറബികളിലുണ്ടായിരുന്നത്. ഒരു ഗോത്രത്തിലെ ഒരു വീട്ടുകാർക്ക് വിവാഹബന്ധം ഉണ്ടായിക്കഴിഞ്ഞാൽ ആ ഗോത്രത്തിലെ ആയിരക്കണക്കിലോ, അതിലധികമോ വരുന്ന

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

വീട്ടുകാരെല്ലാം തന്നെ അവരുടെ ശാഖോപശാഖാവംശങ്ങൾ സഹിതം പരസ്പരം സ്നേഹത്തിലും, സഖ്യത്തിലും വർത്തിക്കുവാൻ അത് കാരണമാകുമായിരുന്നു. പല ഗോത്രങ്ങളിൽ നിന്നായുള്ള തിരുമേനിയുടെ വിവാഹങ്ങൾ ചിലപ്പോൾ ശത്രുക്കളുടെ അരങ്ങേറ്റം തടയുവാനും, ശത്രുതക്കു ലാഘവം വരുത്തുവാനും വളരെ അധികം സഹായകമായിട്ടുണ്ട്. ഓരോന്നും ഉദാഹരണ സഹിതം വിശദീകരിക്കുന്ന പക്ഷം ഇത് വളരെ ദീർഘിച്ചുപോകും. ഓരോ ഭാര്യമാരുടെ വിവാഹത്തെക്കുറിച്ചു താഴെ പ്രത്യേകം പ്രസ്താവിക്കുന്നതിൽ നിന്നു തന്നെ ഈ വസ്തുത ഏറെക്കുറെ വ്യക്തമാകുന്നതുമാകുന്നു.

4) ശത്രുകുടുംബങ്ങളുമായി സൗഹാർദ്ദബന്ധം സ്ഥാപിതമാകുന്നതിൽ നബി

(ﷺ)യുടെ വിവാഹബന്ധങ്ങൾക്കു വലിയ സ്ഥാനം ഉണ്ടായിരുന്നതു പോലെത്തന്നെ, മുസ്‌ലിം കുടുംബ ങ്ങളെ കൂടുതൽ അടുപ്പിക്കുകയും, ത്യാഗസന്നദ്ധരാക്കുകുയം ചെയ്യുന്ന തിലും അതിനു പങ്കുണ്ടായിരുന്നു. സ്വന്തം വ്യക്തിയോടോ, സ്വന്തം കു ടുംബത്തോടോ തിരുമേനിക്കു വിവാ ഹബന്ധം അല്ലെങ്കിൽ മറ്റെന്തെങ്കി ലും അടുപ്പം – ഉണ്ടാവുകയെന്നതു സ്വഹാബികളെ സംബന്ധിച്ചിടത്തോ ളം എത്രമാത്രം സന്തോഷകരവും, അഭിമാനകരവുമായിരുന്നുവെന്നു പ റഞ്ഞറിയിക്കാൻ പ്രയാസമാണ്. നേ രെ മറിച്ച് അങ്ങിനെയുള്ള ഒരു ബന്ധം മുറിഞ്ഞു പോകുന്നതിനെ പ്പറ്റി അവർക്ക് ഊഹിക്കുവാൻ പോ ലും വയ്യയായിരുന്നുതാനും.

നബി(ﷺ)യുടെ ഭാര്യമാർ ഒന്നിച്ചു ചേർന്ന് തങ്ങൾക്കു ചെലവിനു തര ണമെന്നും മറ്റും ആവശ്യപ്പെട്ടതും, ഇതിനെത്തുടർന്ന് പല ക്വുർആൻ വചനങ്ങ ളും അവതരിച്ചതും മറ്റും സൂ: അഹ്സാബിൽ കാണാം. ഈ സംഭവത്തിൽ തിരുമേനി തന്റെ ഭാ ര്യമാരെ വിവാഹമോചനം ചെയ്തിരി ക്കുന്നുവെന്ന കിംവദന്തി പരന്നു. ഈ വിവരം അറിയിക്കുവാൻ ഒരാൾ രാത്രി ഉമർ(رضي الله عنه)ന്റെ വാതിൽക്കൽ വ ന്നു മുട്ടുകയുണ്ടായി. ഗസ്സാൻ ഗോ ത്രക്കാർ മുസ്‌ലിംകളുമായി യുദ്ധ ത്തിനൊരുങ്ങിയിരിക്കുന്നുവെന്നൊര ു ഊഹം നടന്നു കൊണ്ടിരിക്കുന്ന സ ന്ദർഭമായിരുന്നു അത്. ഉമർ പെട്ടെന്ന് ചോദിച്ചത്: ‘എന്താ ഗസ്സാൻകാർ വന്നോ?!’ എന്നായിരുന്നു. പ്രസ്തുത ആഗതൻ തിരുമേനിയുമായി കേവ ലം

വിവാഹബന്ധമോ, കുടുംബ ബന്ധമോ ഇല്ലാത്ത അന്യനായ ഒരു അൻസാരിയായിരുന്നു. എന്നിട്ടും അ ദ്ദേഹം ഉമറിനോടു പറഞ്ഞ മറു പടി നോക്കുക: 'അല്ല; അതിനെക്കാൾ വ മ്പിച്ചതും, നീണ്ടതുമായ ഒരു സംഭ വം നടന്നിരിക്കുന്നു! തിരുമേനി അ വിടുത്തെ ഭാര്യമാരെ വിവാഹ മോച നം ചെയ്തിരിക്കുന്നു!!' എന്നായിരു ന്നു. ഈ മറുപടിയുടെ ആഴം ഒന്നു പരിശോധിച്ചു നോക്കുക!

നബി(ﷺ)യുടെ ഭാര്യാബന്ധം ലഭി ക്കു ന്നതിലുള്ള ആഗ്രഹം കൊണ്ടു മാത്രമാണ് – ഐഹികമായ മറ്റേതെങ്കി ലും സുഖസൗകര്യങ്ങളെ മോഹിച്ചു കൊണ്ടല്ല – ചില സ്ത്രീകൾ തങ്ങളെ വിവാഹം ചെയ്യണമെന്നു തിരുമേനി യോട് കേണപേക്ഷിച്ചതും. സൂ: അഹ് സാബ് 50ൽ പറഞ്ഞതുപോലെ, വിവാഹ മൂല്യം (മഹ്ർ) കൂടാതെ അങ്ങനെയു

ള്ളവരെ വിവാഹം ചെയ്തു കൊള്ളു വാൻ നബി(ﷺ)യെ അല്ലാഹു അനുവ ദിച്ചതും അതുകൊണ്ടാണ്. 'നിങ്ങൾക്കു അല്ലാഹുവിനെയും റസൂലിനെയുമാ ണോ വേണ്ടത് – അതല്ലാ ഐഹിക സു ഖമാണോ വേണ്ടത്?' എന്നു ചോദി ക്കപ്പെട്ടപ്പോൾ, ഒന്നൊഴിയാതെ ഓരോ ഭാര്യയും 'ഞങ്ങൾക്ക് അല്ലാഹുവും റസൂലും മതി' എന്ന് ദൃഢസ്വരത്തിൽ ഉത്തരം നൽകിയതും, സൗദ(g)യെ തിരുമേനി പിരിച്ചുവിടാനുദ്ദേശിച്ചപ്പോൾ 'എന്നെ പിരിച്ചുവിടരുതേ, അങ്ങയുടെ ഭാര്യയെന്ന പേരുമാത്രം നിവിലുണ്ടായി ക്കൊണ്ടു ജീവിച്ചാൽ മതി' എന്നു സൗ ദഃ(g) അപേക്ഷിച്ചതുമെല്ലാം ഇതേ കാരണം കൊണ്ടുതന്നെ.

ഇതുപോലെ, ഈ വിഷയകമായി പലതും ഉദ്ധരിക്കുവാനുണ്ട്. ചുരുക്ക ത്തിൽ, നബി(ﷺ) കൂടുതൽ ഭാര്യമാരെ

സ്വീകരിച്ചതിലടങ്ങിയ യുക്തിരഹസ്യ
ങ്ങൾ കുലങ്കഷമായി പരിശോധിക്കു
ന്നപക്ഷം, അവിടുന്നു ഒമ്പതോ പത്തോ
വിവാഹം ചെയ്തതിലല്ല ആശ്ചര്യം തോ
ന്നുവാനവകാശം. നേരെ മറിച്ച് അതിലും
കൂടുതൽ വിവാഹം ചെയ്യാ തിരുന്ന
തിലും, ഇനി പുതുതായി വിവാഹം ചെ
യ്യരുതെന്നു (സൂ: അഹ്സാബ് 50ൽ)
അല്ലാഹു നിർദ്ദേശിച്ചതിലുമാണ് – വേ
ണമെങ്കിൽ അൽഭുതത്തിനവകാശമു
ള്ളത്. അല്ലാഹുവിലും, റസൂലിലും, ക്വുർ
ആനിലും വിശ്വസിക്കുന്ന സത്യവിശ്വാ
സികളെക്കുറിച്ചു പറയുകയാണെങ്കിൽ,
നബി(ﷺ) നാലിലധികം ഭാര്യമാരെ സ്വീ
കരിച്ചതിലടങ്ങിയ യുക്തിരഹസ്യങ്ങൾ
മനസ്സിലാക്കുക എന്നല്ലാതെ, അതിനെ
ക്കുറിച്ച് അണുവോളം ആശയക്കുഴപ്പ
മോ, അതിന്റെ ന്യായത്തിൽ സംശയ
മോ ഉത്ഭവിക്കുക എന്ന പ്രശ്നമേ ഇല്ല.
അല്ലാഹുവിനാണ് എല്ലാ വിധിവിലക്കു

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

കളുടെയും പരമാധികാരം; അല്ലാഹു
ഒരു കാര്യം അനുവദിക്കുകയോ, വി
രോധിക്കുകയോ ചെയ്താൽ – അതിലട
ങ്ങിയ തത്വങ്ങൾ ഗ്രഹിക്കുവാൻ ശ്രമി
ക്കുകയല്ലാതെ അതിൽ വിമർശനമോ,
ആശയക്കുഴപ്പമോ ഉണ്ടാക്കുവാൻ നബി
ക്കുപോലും പാടില്ല; സൂ: അഹ്സാബ്
50, 51, 52 എന്നീ ആയത്തുകളിലും മറ്റും
അല്ലാഹു വ്യക്തമായ ഭാഷയിൽ അറി
യിച്ച പരിധിക്കുള്ളിൽ ഒതുങ്ങിയല്ലാത്ത
ഒരൊറ്റ വിവാഹവും നബി(ﷺ) ചെയ്തി
ട്ടില്ല. നബിമാരെ, അന്ത്യപ്രവാചകനായ
മുഹമ്മദു നബി (ﷺ) തിരുമേനിയെ പ്ര
ത്യേകിച്ചും മറ്റുള്ളവരെ അളക്കുന്ന മാ
നദണ്ഡം കൊണ്ട് അളക്കുവാൻ പാടി
ല്ലാത്തതാണ് എന്നൊക്കെ സത്യ വിശ്വാ
സികൾക്കറിയാം. ഇതാണതിനു കാര
ണം. ഇനി, ഖദീജഃ(g)ക്കുശേഷം നബി
(ﷺ) ചെയ്ത ഓരോ വിവാഹത്തെക്കു

റിച്ചും നമുക്ക് ഒരു ലഘു വീക്ഷണം നടത്താം.

3

നബി (സ്വ) തിരുമേനിയുടെ വിവാഹങ്ങളും അവയുടെ സന്ദർഭങ്ങളും

1. സൗദ (g)

മക്കാ മുശ്‌രിക്കുകളുടെ മർദ്ദനം സഹിക്കവയ്യാതെ അബിസീനിയായിലേക്കു ഹിജ്റ പോയ സ്വഹാബികളിൽ ഒരാളായിരുന്നു സക്റാൻ(ﷺ). അദ്ദേഹം സ്വപത്നിയും, പിതൃവ്യപുത്രിയുമായ സൗദ (g)യെയും ഒന്നിച്ചുകൊണ്ടുപോയിരുന്നു. ആ മഹാൻ അവിടെവെച്ചു നിര്യാതനായി. ഖദീജഃ(g)യുടെ നിര്യാണം കഴിഞ്ഞതിന്റെ അടുത്ത കാലത്തായിരുന്നു അത്. അല്ലാഹു ഏകനാണെന്നും, മുഹമ്മദ് (ﷺ) അവന്റെ ദൂതനാണെന്നും വി

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

ശ്വസിച്ച കാരണത്താൽ നാടും, വീടും, കുടുംബവും ത്യജിച്ചു സമുദ്രം കടന്നും ഭൂഖണ്ഡം താണ്ടി അപരിചിതമായ അബിസീനിയായിൽ ചെന്നും മരണം പ്രാപിച്ച ആ സ്വഹാബിയുടെ ദുഃഖിതയായ പത്നിയെ സ്വകുടുംബത്തിന്റെ എതിർപ്പും പ്രതിഷേധവും വകവെക്കാതെ തന്റെ മതസംരക്ഷണാർത്ഥം നാടുവിട്ട് വിധവയും, ഉറ്റവരില്ലാത്തവളുമായിത്തീർന്ന സൗദഃ(g)യെ നബി(ﷺ) വിവാഹം ചെയ്തു രക്ഷിച്ചു. പ്രസ്തുത രണ്ടുപേരോടുമുള്ള ധാർമ്മികമായ കടമ നിർവ്വഹിക്കുന്നിനുപുറമെ അല്ലാഹുവോടുള്ള ഒരു കടമ നിർവ്വഹിക്കലും കൂടിയായിരുന്നു അത്. തിരുമേനി അങ്ങിനെ ചെയ്യാത്തപക്ഷം, ആ മഹതി തന്റെ കുടുംബത്തിന്റെ കഠിന പീഡനങ്ങൾക്കു പാത്രമാകുമായിരുന്നു. മുമ്പ് നാം ചൂണ്ടിക്കാട്ടിയതുപോലെ, തന്റെ ദിവസങ്ങൾ ആഇശഃ(റ)ക്ക് വിട്ടുകൊടുത്തുകൊണ്ട്

നബി(ﷺ)യുടെ ഭാര്യാബന്ധം മരണംവരെ നിലനിർത്തിത്തന്നാൽ മതിയെന്നപേക്ഷിച്ചതു ആ മഹതിയായിരുന്നു. ഹിജ്റ 54ലാണ് ഇവരുടെ മരണം.

2. ആഇശ (g):

ഹിജ്റയുടെ രണ്ടുമൂന്നു വർഷം മുമ്പാണ് ആഇശഃ(g)യുടെ വിവാഹം. അവർക്ക് അന്ന് ഏറെക്കുറെ ആറു വയസ്സ് പ്രായമായിരുന്നു. ഹിജ്റക്കുശേഷം ഏതാണ്ട് രണ്ടു കൊല്ലത്തോളം കഴിഞ്ഞാണ് വധുവിനെ വരന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയത്. കേവലം ഒമ്പതു വയസ്സുകാരിയായ ആ ബാലികയെ കൂട്ടി അയച്ചപ്പോൾ അവരുടെ കളിക്കോപ്പും ഒന്നിച്ചുണ്ടായിരുന്നു. തിരുമേനിയുടെ വീട്ടിൽ ചെന്ന ശേഷവും താൻ പെൺകുട്ടികളോടൊപ്പം കളിക്കാറുണ്ടായിരുന്നുവെന്ന് ആഇശഃ (g) പ്രസ്താവിച്ചിട്ടുണ്ട്. (ബു.മു.) എല്ലാ ഭാര്യമാരിലും

വെച്ച് തിരുമേനി ഏറ്റവും അധികം ഇഷ്ടപ്പെട്ടിരുന്ന ഭാര്യ അവർ തന്നെയായിരുന്നു. കന്യകാപ്രായത്തിൽ ആഇശഃ (g)യെ അല്ലാതെ തിരുമേനി വിവാഹം ചെയ്യുകയുണ്ടായിട്ടില്ല. തിരുമേനിയുടെ വിയോഗവേളയിൽ അവർക്ക് ഏകദേശം 18 വയസ്സുവരും. ഹിജ്റ 57ലോ 58ലോ ആയിരുന്നു ആഇശഃ(g)യുടെ മരണം.

സ്വഹാബികളിൽവെച്ച് നബി(ﷺ)ക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്നേഹിതനായിരുന്നു ആഇശഃ(g)യുടെ പിതാവായ അബൂബക്ർ സ്വിദ്ദീക് (﵁). പുരുഷൻമാരിൽ ഒന്നാമതായി തിരുമേനിയിൽ വിശ്വസിച്ച മഹാനും അദ്ദേഹം തന്നെ. ഇസ്ലാമിനു മുമ്പും അദ്ദേഹം തിരുമേനിയുടെ ഒരു അടുത്ത ചങ്ങാതിയായിരുന്നു. ഈ വസ്തുത സ്വഹാബികൾക്കിടയിൽ പ്രസ്താവ്യവുമായിരുന്നു. അബൂബക്ർ(﵁)ന്റെ ഗുണങ്ങളെ പ്രശംസിച്ചു

കൊണ്ടുള്ള ധാരാളം ഹദീഥുകൾ കാ
ണാം. ഒരിക്കൽ തിരുമേനി പറയുകയു
ണ്ടായി: 'നമുക്കു ഇങ്ങോട്ടൊരു ഉപകാ
രം ചെയ്തിട്ട് അതിന് നാം പ്രത്യുപകാ
രം ചെയ്യാത്തതായി അബൂബക്റിന്റേത
ല്ലാതെ മറ്റാരുടെതും ബാക്കിയില്ല. അദ്ദേ
ഹം ചെയ്ത ഉപകാരത്തിനു അല്ലാഹു
തന്നെ ക്വിയാമത്തുനാളിൽ പ്രത്യുപകാ
രം നൽകുന്നതാണ്. അബൂബക്റിന്റെ
ധനം എനിക്കു ഉപകരിച്ചത്ര മറ്റാരുടേ
തും ഉപകരിച്ചിട്ടില്ല.' (തി.) മറ്റൊരിക്കൽ
തിരുമേനി പറഞ്ഞു: 'സഹവാസത്തിലും,
ധനത്തിലും മനുഷ്യരിൽവെച്ച് ഏറ്റവും
വിശ്വസനീയനായ ആൾ അബൂബക്റാ
ണ്. (ബു: മു). ഇതുപോലെ വേറെയും
ഹദീഥുകൾ കാണാം.

ഈ നിലക്ക് അബൂബക്ർ (رضي الله عنه)ന്റെ
മകളായ ആഇശഃ(g)യെ തിരുമേനി വി
വാഹം കഴിച്ചതും, അവരെ കൂടുതൽ
സ്നേഹിച്ചതും അദ്ദേഹത്തോടുള്ള

സ്നേഹാധിക്യത്തിന്റെയും, നബി(ﷺ)
ക്കും ഇസ്‌ലാമിനും വേണ്ടി അദ്ദേഹം
ചെയ്ത ത്യാഗത്തിന്റെയും, സേവനത്തി
ന്റെയും സ്വാഭാവികമായ ഒരു നന്ദിയ
ത്രെ. അതിരിക്കട്ടെ, ഈ വിവാഹംമൂലം
ഇസ്‌ലാമിനുണ്ടായ നേട്ടങ്ങളൊന്നു ആ
ലോചിച്ചുനോക്കുക: ഇസ്‌ലാമിക വി
ജ്ഞാന ഭണ്ഡാരത്തിൽ ആഇശഃ(g)യു
ടെ മുതൽക്കൂട്ട് സുപ്രസിദ്ധമാണ്. ക്വുർ
ആൻ വ്യാഖ്യനാരംഗത്തും, നബിവച
നങ്ങളും ചര്യകളും ഉദ്ധരിക്കുന്നതിലും
മറ്റെല്ലാ സ്ത്രീകളെക്കാളും മിക്കവാറും
പുരുഷന്മാരെക്കാളും വമ്പിച്ച പങ്കാണ്
അവർക്കുള്ളത്. ഗാർഹിക ജീവിതത്തി
ന്റെയും, ദാമ്പത്യജീവിതത്തിന്റെയും നാ
നാവശങ്ങളിലും ആഇശഃ (g) വഴി സി
ദ്ധിച്ച അറിവുകൾ കുറച്ചൊന്നുമല്ല. സാ
ഹിത്യം, പദ്യം, ചരിത്രം, വൈദ്യം, രാ
ഷ്ട്രീയം തുടങ്ങിയ തുറകളിലും അവരു
ടെ പേരും പ്രശസ്തിയും പ്രസിദ്ധമാണ്.

ഇസ്‌ലാമിക ചരിത്രം അറിയുന്നവർക്കെല്ലാം അറിയാവുന്നതാണിത്. മഹാനായ അബൂമൂസൽ അശ്അരി (رضي الله عنه) പറയുകയാണ്: 'റസൂൽ തിരുമേനിയുടെ സ്വഹാബികളായ ഞങ്ങൾക്കു വല്ല വിഷയത്തിലും സംശയം നേരിടുമ്പോൾ അതിനെപ്പറ്റി ആഇശഃ(g)യോടു ചോദിച്ചിട്ടു ഒരു സംഗതിയിലും ശരിക്ക് അറിവു കിട്ടാതിരുന്നിട്ടില്ല' (തി.)

ഇത്രയും പറഞ്ഞതിൽ നിന്നുതന്നെ ആഇശഃ(g)യുടെ വിവാഹത്തിൽ അന്തർഭവിച്ചിട്ടുള്ള യുക്തിരഹസ്യങ്ങൾ നിഷ്പക്ഷ ചിന്തകർക്കു ഏതാണ്ട് മനസ്സിലാക്കാവുന്നതാണ്. 'ഇതെല്ലാം പിന്നീട് സംഭവിച്ച് ഫലത്തിൽ വന്നതു ശരി, വിവാഹവേളയിൽ ഇതൊന്നും പ്രതീക്ഷിക്കുവാനില്ലായിരുന്നുവല്ലോ, അന്ന് ആഇശഃ (g) ഒരു കുട്ടി മാത്രമായിരുന്നുവല്ലോ' എന്നു വല്ലവർക്കും തോന്നിയേക്കാം. വാസ്തവത്തിൽ, തികച്ചും ഈ

ഉന്നത്തോടുകൂടിയും, പ്രതീക്ഷയോടുകൂടിയും തന്നെയായിരുന്നു ഈ വിവാഹം. തിരുമേനിയുടെ ഇതരവിവാഹങ്ങളിൽ നിന്നു പലതരത്തിലും ഒറ്റപ്പെട്ട ഉദാഹരണം തന്നെയാണ് ആഇശ(g)യുടെ വിവാഹം. ഇതിനു തെളിവുകൾ പലതും ഉദ്ധരിക്കുവാൻ സാധിക്കും. ദീർഘിച്ചുപോകുമെന്നു കരുതി ഇമാം ബുഖാരി(رحمه الله)യും മുസ്‌ലിമും (رحمه الله) ഉദ്ധരിക്കുന്ന ഒരു ഹദീഥ് മാത്രം ഉദ്ധരിക്കാം. ആഇശ(g)യോടു നബി (ﷺ) ഇപ്രകാരം പറഞ്ഞതായി അവർ ഉദ്ധരിക്കുന്നു: 'മൂന്നു രാത്രികളിൽ എനിക്കു നിന്നെ സ്വപ്നത്തിൽ കാണിക്കപ്പെട്ടിട്ടുണ്ട്. ഒരു പട്ടിന്റെ കഷ്ണത്തിൽ മലക്ക് നിന്നെ (നിന്റെ ചിത്രം) കൊണ്ടുവന്നു. എന്നിട്ട് ഇത് താങ്കളുടെ ഭാര്യയാണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ തുറന്നുനോക്കിയപ്പോൾ അത് (ആ ചിത്രം) നീ തന്നെയായിരുന്നു. ഞാൻ പറഞ്ഞു: അത് അല്ലാ

ഹുവിങ്കൽ നിന്നുള്ളതാണെങ്കിൽ അവനതു നടപ്പിൽ വരുത്തിക്കൊള്ളും'. (ബു. മു.) നബിമാരുടെ സ്വപ്നം ദിവ്യസന്ദേശങ്ങളിൽപെട്ടതാണെന്നുള്ള കാര്യം പ്രസിദ്ധമാണല്ലോ.

3. ഹഫ്സ്വഃ (g):

അബൂബക്ർ(ﷺ)നെ കഴിച്ചാൽ നബി(ﷺ)ക്ക് പലനിലക്കും ബന്ധപ്പെട്ട ആൾ ഉമർ (ﷺ) തന്നെയായിരുന്നു. അദ്ദേഹത്തിന്റെ മകളായ ഹഫ്സ്വഃ(g)യുടെ ആദ്യ ഭർത്താവ് ഖുനൈസ് ആയിരുന്നു. ബദ്ർ യുദ്ധത്തിൽ പറ്റിയ പരിക്കുമൂലം ഖുനൈസ് (ﷺ) നിര്യാതനായി. ഈ അവസരത്തിലായിരുന്നു തിരുമേനിയുടെ പുത്രിയും, ഉഥ്മാൻ(ﷺ)ന്റെ പത്നിയുമായിരുന്ന റുകിയ്യ(g)യുടെയും മരണം സംഭവിച്ചത്. വിധവയായ മകളുടെ കാ

ര്യത്തിൽ അത്യധികം ദുഃഖിതനായിരുന്ന ഉമർ (ﷺ) തന്റെ മകളുടെ വിവാഹം ചെയ്താൽ കൊള്ളാമെന്നു ഉഥ്മാൻ (ﷺ)നോട് ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം അതിനു മുമ്പോട്ടുവന്നില്ല. ഉമർ (ﷺ) വ്യസനസമേതം അബൂബക്ർ(ﷺ)നെ സമീപിച്ചു വിവരം പറഞ്ഞു. അദ്ദേഹം അതു സമ്മതിച്ചേക്കുമെന്നു അദ്ദേഹത്തിന് ആശയുണ്ടായിരുന്നു. എന്നാൽ, അബൂബക്ർ (ﷺ) പറഞ്ഞത് ഇപ്രകാരമായിരുന്നു: 'ഉഥ്മാനു ഹഫ്സഃയെക്കാൾ നല്ലൊരു ഭാര്യയും ഹഫ്സഃക്കു ഉഥ്മാനെക്കാൾ നല്ലൊരു ഭർത്താവും കിട്ടിയെന്നു വരാം.' ഈ ദീർഘദൃഷ്ടി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്തു. ഉഥ്മാൻ (ﷺ)ന് തിരുമേനിയുടെ മകൾ ഉമ്മുകുൽഥൂമി(g)നെ തിരുമേനി വിവാഹം ചെയ്തുകൊടുത്തു. ഹഫ്സ്വഃ(g)

യെ തിരുമേനിയും വിവാഹം കഴിച്ചു. ഇതുമൂലം ഉമർ(ﷻ)ന്റെ വ്യസനത്തിനു പ്രതീക്ഷയിൽ കവിഞ്ഞ പരിഹാരം സിദ്ധിച്ചു. ഇസ്‌ലാമിനുവേണ്ടി ആത്മാർപ്പണം ചെയ്ത ഖുനൈസ് (ﷻ)നോടുള്ള കടപ്പാട് നിർവ്വഹിക്കപ്പെടുകയും, ഹഫ്സ്വഃ (g) വൈധവ്യത്തിൽ നിന്നു മോചിപ്പിക്കപ്പെടുകയും ഉണ്ടായി. നമസ്കാരം, നോമ്പ് മുതലായ ആരാധനാകൃത്യങ്ങളിൽ മുഴുകിയിരുന്ന ഒരു മഹതിയായിരുന്നു ഹഫ്സ്വഃ (g). തിരുമേനി ഒരിക്കൽ അവരെ വിവാഹമോചനം ചെയ്യുകയുണ്ടായെങ്കിലും, വീണ്ടും മടക്കി എടുക്കുകയാണ് ചെയ്തത്. ഇവരുടെ വിയോഗം ഹിജ്റ 45ലായിരുന്നു.

4. ഹിൻദ് എന്ന ഉമ്മുസലമ (g):

ഹിജ്റ മൂന്നാമത്തെയോ നാലാമത്തെയോ കൊല്ലത്തിലാണ് ഇവരുടെ

വിവാഹം. ക്വുറൈശി ഗോത്രത്തിൽ മഖ്സൂമിശാഖക്കാരനായിരുന്ന അബൂസലമഃ(ﷻ)യുടെ ഭാര്യയായിരുന്നു ഉമ്മുസലമ (g). അദ്ദേഹം നബി (ﷺ) തിരുമേനിയുടെ നേരെ അമ്മായിയുടെ പുത്രനും, മുലകുടി ബന്ധത്തിലുള്ള സഹോദരനും, മരണംവരെ തിരുമേനിയൊന്നിച്ച് എല്ലാ പ്രധാന രംഗങ്ങളിലും പങ്കെടുത്ത മഹാനുമായിരുന്നു. നാലു അനാഥകളെയും, വിധവയായ ഉമ്മുസലമ(g)യെയും വിട്ടേച്ചുകൊണ്ട് അദ്ദേഹം ചരമമടഞ്ഞു. തിരുമേനി ആ കുടുംബത്തെ രക്ഷിക്കുവാൻ ഉദ്ദേശിച്ചു. ആ മഹതി പറഞ്ഞു: 'ഞാനൊരു വൃദ്ധ! കുറേ അനാഥകളുടെ മാതാവും!! അതോടുകൂടി ഞാനൊരു പരുഷസ്വഭാവക്കാരിയും!! തിരുമേനി മറുപടി പറഞ്ഞയച്ചു; 'അനാഥകളെ ഞാനിങ്ങോട്ട് കൂട്ടിക്കൊണ്ടുപോന്നുകൊള്ളാം. നിന്റെ പരുഷസ്വഭാവം നീക്കിക്കളയുവാൻ അല്ലാഹുവിനോടു

പ്രാർത്ഥിക്കുകയും ചെയ്യാം'. (വാർദ്ധക്യത്തെപ്പറ്റി ഒന്നും പ്രസ്താവിച്ചതുമില്ല.) ഈ വിവാഹത്തിന്റെ ഉദ്ദേശ്യം വ്യക്തമാണല്ലോ. ഉമ്മുസലമ(g)യുടെ മരണം ഹിജ്റ 59ലാണ്. മരിക്കുമ്പോൾ അവർ വളരെ വയസ്സുചെന്ന ഒരു വൃദ്ധയായിരുന്നു.

5. സൈനബ് (g)

ഹിജ്റ 5ാം കൊല്ലത്തിൽ നടന്ന സൈനബി(g)ന്റെ വിവാഹത്തെയും, അതിന്റെ സന്ദർഭത്തെയും, അതിലടങ്ങിയ ഉദ്ദേശ്യങ്ങളെയും കുറിച്ചു സൂ: അഹ്സാബിൽ അല്ലാഹു തന്നെ വിവരിച്ചതാണ്. ക്വുറൈശീഗോത്രക്കാരിയും, തിരുമേനിയുടെ അമ്മായിയുടെ മകളുമായിരുന്ന സൈനബി(g)നെ ആദ്യം തിരുമേനിയുടെ പോറ്റുമകനും, അടിമത്തത്തിൽ നിന്നു തിരുമേനി മോചിപ്പിച്ച ആളുമായ സൈദ് (رضي الله عنه) വിവാഹം ചെയ്തു. വിവാഹാലോചന നടന്നപ്പോൾ തന്നെ സൈനബും കുടുംബവും ആ വിവാഹത്തിൽ അതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. പക്ഷേ, അല്ലാഹുവും, റസൂലും ഒരു പ്രത്യേക ലക്ഷ്യം നിമിത്തം തീർച്ചപ്പെടുത്തിയ കാര്യമെന്ന നിലക്ക് അവരത് സമ്മതിക്കുകയും ചെയ്തു. കുലമഹത്വത്തിനും, ജാത്യാഭിമാനത്തിനും ഇസ്ലാമിൽ വിലയില്ലെന്നു റസൂൽ (ﷺ) തിരുമേനിയുടെ സ്വന്തക്കാർ മുഖേനത്തന്നെ തെളിയിക്കുകയെന്ന രഹസ്യം ആ വിവാഹത്തിലടങ്ങിയിരുന്നു. പിന്നീട് സൈദും (رضي الله عنه) സൈനബു(g)മായി സ്വഭാവത്തിൽ പൊരുത്തപ്പെടാതെ വന്നപ്പോൾ സൈദ് (رضي الله عنه) അവരെ വിവാഹമോചനം ചെയ്തു. പോറ്റുമക്കളെ എല്ലാ നിലക്കും യഥാർത്ഥ മക്കളെപ്പോലെ ഗണിച്ചുവന്നിരുന്ന ജാഹിലിയ്യാ പാരമ്പ

ര്യസമ്പ്രദായം ക്വുർആൻ നിർത്തൽ ചെയ്തതോടെ, അതിനു പ്രവർത്തനരൂപേണ മാതൃക കാട്ടുവാനായി – അല്ലാഹുവിന്റെ കൽപനപ്രകാരം തിരുമേനി സൈനബി(g)നെ വിവാഹം കഴിച്ചു. ഇതാണ് സംഭവത്തിന്റെ ചുരുക്കം.

'സൈനബിനെക്കാൾ മതകാര്യത്തിൽ നല്ലവളും, അല്ലാഹുവിനെ ഭയപ്പെടുന്നവളും, വർത്തമാനത്തിൽ സത്യം പാലിക്കുന്നവളും, കുടുംബബന്ധം പാലിക്കുന്നവളും, വലിയ ദാനധർമ്മങ്ങൾ ചെയ്യുന്നവളും, അല്ലാഹുവിനെ ഉദ്ദേശിച്ചുള്ള പുണ്യകർമ്മങ്ങളിലും ദാനധർമ്മങ്ങളിലും ശരീരം മുഷിഞ്ഞിറങ്ങുന്നവളും സ്ത്രീകളിൽ വേറെ ഉണ്ടായിരുന്നില്ല' എന്നു ആഇശഃ (g) അവരെപ്പറ്റി പ്രശംസിച്ചു പറഞ്ഞതായിക്കാണാം. ഹിജ്റ 20ലോ 21ലോ ആയിരുന്നു അവരുടെ മരണം. നബി(ﷺ)യുടെ പത്നിമാരിൽ

നബി(ﷺ)യുടെ വിവാഹങ്ങൾ, വസ്തുതയെന്ത് ??

ആദ്യം മരണപ്പെട്ടത് സൈനബ് (g) ആണ്.

6. ജുവൈരിയ (g):

ഹിജ്റ 5ാം കൊല്ലത്തിൽ തന്നെയാണ് നബി (ﷺ) ജുവൈരിയഃ(g)യെ വിവാഹം കഴിച്ചത്. ബനൂമുസ്ത്വലക് ഗോത്രത്തിലെ നേതാവും, പ്രമാണിയുമായിരുന്ന ഹാരിഥിന്റെ ഭാര്യയായിരുന്നു ഇവർ. വമ്പിച്ച ഒരു സേനയുമായി ഇയാൾ നബി(ﷺ)യുടെ നേരെ പടയെടുത്തു. മുറൈസിഅ് എന്നിടത്തുവെച്ച് മുസ്ലിംകൾ അതിനെ നേരിട്ടു. തിരുമേനി അവരെ ഇസ്ലാമിലേക്കു ക്ഷണിച്ചു. അവർ ക്ഷണം നിരസിച്ചു. യുദ്ധം നടത്തി. യുദ്ധത്തിൽ പരാജയപ്പെടുകയും ചെയ്തു. ഈ യുദ്ധത്തിൽ ബന്ധനസ്ഥരായവരുടെ കൂട്ടത്തിൽ ജുവൈരിയഃ(g)യും ഉൾപ്പെട്ടിരുന്നു. ഥാബിത്തിബ്നുഖൈസിന്റെ ഓഹരിയിലാണ് ഇവർ അകപ്പെട്ടത്. ഏഴു

'ഊകിയഃ' സ്വർണ്ണം പ്രതിഫലം നിശ്ചയിച്ചുകൊണ്ടു ഥാബിത്ത് അവരെ മോചിപ്പിച്ചു വിടാൻ തീരുമാനിച്ചു. എന്നാൽ, പ്രസ്തുത മോചനമൂല്യം കൊടുക്കുന്നതിൽ തന്നെ സഹായിക്കണമെന്നപേക്ഷിക്കുവാൻ ജുവൈരിയഃ(g) കണ്ടുപിടിച്ചത് തിരുമേനിയെയായിരുന്നു. അവർ തിരുമേനിയുടെ അടുക്കൽ ചെന്ന് തന്റെ കുലമാഹാത്മ്യവും മറ്റും ഉണർത്തിക്കൊണ്ടു സഹായമഭ്യർത്ഥിച്ചു. അതെല്ലാം കണക്കിലെടുത്തുകൊണ്ട് അവരുടെ അപേക്ഷ തിരുമേനി സ്വീകരിക്കുകയും, സംഖ്യ നികത്തിക്കൊടുക്കുകയും ചെയ്തു. അവരുടെയും, അവരുടെ കുടുംബത്തിന്റെയും മാന്യതയും, യശസ്സും പൂർവ്വാധികം ശോഭിക്കുമാറ് തിരുമേനി പിന്നീട് അവരെ വിവാഹം ചെയ്കയും ചെയ്തു. ഉടനെത്തന്നെ അതിന്റെ ഫലം സംഭവിച്ചത് നോക്കുക!

ഈ വിവാഹത്തോടുകൂടി തിരുമേനിയുടെ ബന്ധുക്കളായിത്തീർന്ന മുസ്ത്വലക് ഗോത്രക്കാരിൽ നിന്ന് യുദ്ധത്തിൽ ബന്ധനത്തിലാക്കപ്പെടുകയും, പടയാളികൾക്കിടയിൽ വിഹിതം ചെയ്യപ്പെടുകയും ചെയ്തിരുന്ന എല്ലാവരെയും ഒന്നൊഴിയാതെ – സ്വതന്ത്രരാക്കി വിട്ടുകൊടുത്തു. തിരുമേനിയുടെ വിവാഹബന്ധമുള്ള ഒരു കുടുംബത്തിലെ അംഗങ്ങളെ അധീനത്തിൽ വെക്കുവാൻ അവർ ഇഷ്ടപ്പെട്ടില്ല. മാത്രമോ? മുസ്ത്വലക് ഗോത്രം സന്തോഷാധിക്യത്താൽ അല്ലാഹുവിന് നന്ദിയായി ഒന്നടങ്കം ഇസ്ലാമിനെ അംഗീകരിക്കുകയും ചെയ്തു.

7. റംലഃ എന്ന ഉമ്മുഹബീബ (റ):

ക്വുറൈശി അറബികളിൽ അബൂസുഫ്യാൻ (رضي الله عنه)നുണ്ടായിരുന്ന സ്ഥാനമാനങ്ങളും മക്കാവിജയത്തിൽ അദ്ദേഹം

മുസ്ലിമായിത്തീരുന്നതുവരെ നിബ(ﷺ)ക്കും, മുസ്ലിംകൾക്കും എതിരിലുണ്ടായിട്ടുള്ള ആക്രമണങ്ങളിൽ അദ്ദേഹം വഹിച്ച പങ്കുകളും ചരിത്രപ്രസിദ്ധമാണ്. ഇദ്ദേഹത്തിന്റെ മകളായ ഉമ്മുഹബീബഃ (g) നേരത്തെ ഇസ്ലാമിനെ അംഗീകരിച്ചവരിൽ ഉൾപ്പെടുന്നു. ആദ്യഭർത്താവായിരുന്ന ഉബൈദുല്ലാഹിബ്നുൽ ജഹ്ശി എന്ന ആളുടെ ഒന്നിച്ച് അവരും അബിസീനിയായിലേക്കുള്ള രണ്ടാമത്തെ ഹിജ്റയിൽ പങ്കെടുത്തിരുന്നു. ഉബൈദുല്ല അബിസീനിയയിൽ ചെന്നശേഷം ക്രിസ്തീയമതം സ്വീകരിക്കുകയാണുണ്ടായത്. റംലഃ(g)യാകട്ടെ, തന്റെ അശരണതയും, വിഷമങ്ങളും അവഗണിച്ചുകൊണ്ട് ഇസ്ലാമിൽ തന്നെ ഉറച്ചുനിന്നു. ഹബീബഃ എന്നു പേരായ ഒരു കുട്ടിയും അവർക്കുണ്ടായിരുന്നു. കുട്ടിയുടെ പേരോട് ചേർത്താണ് അവർ ഉമ്മു ഹബീബഃ (ഹബീബഃയുടെ ഉമ്മ) എന്നു വിളി

ക്കപ്പെടുന്നത്. ഇസ്ലാമിന്റെ ശത്രുക്കളുടെ അങ്ങേഅറ്റത്തെ നേതൃത്വം കയ്യാളുന്ന മാതാപിതാക്കളെയും, കുടുംബത്തെയുമെല്ലാം ഉപേക്ഷിച്ച് – തൗഹീദിന്റെ വിശ്വാസം നിലനിർത്തുവാനായി – തന്റെ ഏകാവലംബമായ ഭർത്താവൊന്നിച്ച് കടൽ താണ്ടി വിദൂരപ്രദേശത്തേക്ക് കടന്നുപോയിക്കഴിഞ്ഞ ശേഷം, ഭർത്താവ് തന്റെ കഠിനശത്രുവായി മാറിക്കഴിഞ്ഞാൽ പിന്നെ, അബലയായ ആ സ്ത്രീരത്നത്തിന്റെ കഥയെന്തായിരിക്കും?! കയ്യിലൊരു കുഞ്ഞും! ആ നാട്ടിലെ നിവാസികളാകട്ടെ, ക്രിസ്ത്യാനികളും!

അബിസീനിയാ ചക്രവർത്തിയായ നജ്ജാശി(നെഗാശി)യെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള കത്തുമായി നബി (ﷺ) ദൂതനെ അയച്ചിരുന്നു. നജ്ജാശി മുസ്ലിമാകുകയും ചെയ്തു. അദ്ദേഹം തിരുമേനിക്കുവേണ്ടി ഉമ്മുഹ

ബീബക്കു 400 ദീനാർ (പൊൻപണം) മഹ്ർ നൽകിക്കൊണ്ടും – ഉഥ്മാൻ(رضي الله عنه)ന്റെ സാന്നിദ്ധ്യത്തിലും നബി(ﷺ)ക്കു വേണ്ടി അവരുടെ വിവാഹകർമ്മം നടത്തപ്പെട്ടു. (ആ ഹിജ്റയിൽ ഉഥ്മാനും (رضي الله عنه) പങ്കെടുത്തിരുന്നു.) തിരുമേനിയുടെ ആവശ്യപ്രകാരം ശുറഹ്ബിലുബ്നു ഹസനഃ (g)യുടെ കൂടെ ഉമ്മുഹബീബഃ (g) തിരുമേനിയുടെ അടുക്കലേക്ക് മടങ്ങുകയും ചെയ്തു. മിക്കവാറും ഹിജ്റ 6ാം കൊല്ലത്തിലാണ് ഈ സംഭവം. ഹിജ്റ വർഷം 44ൽ അവർ ഇഹലോകവാസം വെടിഞ്ഞു.

8. സ്വഫിയ്യ (g):

ഹിജ്റ 7ാം കൊല്ലത്തിൽ നബി (ﷺ) സ്വഫിയ്യഃ(g)യെ വിവാഹം ചെയ്തു. ഇസ്രാഈല്യരായ യഹൂദികളുടെ ഒരു നേ

താവും, നളീർ ഗോത്രത്തിന്റെ തലവനുമായിരുന്നു സ്വഫിയ്യഃ(g)യുടെ പിതാവായ ഹുയയ്യ്. അഹ്സാബുയുദ്ധത്തിലും മറ്റും ഇസ്ലാമിനെതിരായ രംഗങ്ങളിൽ ഹുയയ്യിന്റെ പങ്ക് പ്രസ്താവ്യമത്രെ. സ്വഫിയ്യഃ(g)യുടെ മുൻ ഭർത്താവായിരുന്ന കിനാനഃ ഖൈബർ യുദ്ധത്തിൽ കൊല്ലപ്പെടുകയും, സ്വഫിയ്യഃ (g) തടവുകാരിയായി പിടിക്കപ്പെടുകയും ചെയ്തു. ഒരു വമ്പിച്ച ഗോത്രത്തിന്റെ തലവനും, ഒരു സമുദായത്തിലെ നേതാവുമായ ഒരാളുടെ വിധവയായിത്തീർന്ന മകൾക്ക് അടിമത്ത ജീവിതം എത്രമാത്രം വേദനാജനകമായിരിക്കുമെന്ന് പറയേണ്ടതില്ല. തിരുമേനി അവരെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുകയും, പ്രസ്തുത മോചനം അവരുടെ മഹ്റായി നിശ്ചയിച്ചുകൊണ്ട് അവരെ വിവാഹം കഴിക്കുകയും ചെയ്തു. യുദ്ധത്തിൽ ബന്ധനസ്ഥരായവരെ ഓഹരി ചെയ്ത കൂട്ടത്തിൽ, സ്വഫിയ്യഃ

(g) ദഹ്‌യത്തുൽ കൽബി (رضي الله عنه) എന്ന സ്വഹാബിയുടെ ഓഹരിയിൽപെട്ടിരുന്നുവെന്നും, തിരുമേനി അവരെ ദഹ്‌യത്തിന്റെ പക്കൽനിന്നു വിലകൊടുത്തുമേടിച്ചാണ് ‘ഇത്ക്’ (അടിമത്തമോചനം) നൽകി വിവാഹം ചെയ്തതെന്നും പറയപ്പെട്ടിട്ടുണ്ട്. ഏതായാലും ഈ വിവാഹം നദ്വീർഗോത്രം ഇസ്‌ലാമിനെ അംഗീകരിക്കുവാൻ കാരണമായിത്തീർന്നു.

9. മൈമൂനഃ (g):

നബി(ﷺ)യുടെ അവസാനത്തെ ഭാര്യയായ മൈമൂനഃ(g)യുടെ വിവാഹം ഹി: ഏഴാം കൊല്ലത്തിൽ നടന്നു. അവർക്ക് അന്ന് 50ഓളം വയസ്സുവരും. ഇവരുടെ സഹോദരിയായ ലുബാബഃ(g)യാണ് ‘അല്ലാഹുവിന്റെ വാൾ’ എന്ന കീർത്തിമുദ്ര ലഭിച്ച ഖാലിദുബ്നുൽ വലീദ് (رضي الله عنه)ന്റെ മാതാവ്. ഇദ്ദേഹത്തിന്റെ വിശ്വാ

ത്തിനു ഈ വിവാഹം കാരണമായിട്ടുണ്ട്. ആദ്യം ഒരാൾ അവരെ വിവാഹം ചെ്തു. അയാൾ മരിക്കുകയും ചെയ്തു. ഈ വിവാഹമൂല്യം മൈമൂനഃ(g)യുടെ കുടുംബങ്ങൾക്ക് വളരെയധികം ഗുണം കൈവന്നിട്ടുണ്ട്. അവരുടെ അതിദയനീയമായ ദാരിദ്ര്യവും, പട്ടിണിയും അവസാനിക്കുവാനും, മുസ്‌ലിംകളെക്കുറിച്ചുണ്ടായിരുന്ന അവരുടെ അപാരമായ ഭീതി നീങ്ങുവാനും ഇത് കാരണമായി.

4
മറ്റു ചില വിവാഹങ്ങൾ

നബി(ﷺ) തിരുമേനി ചരമം പ്രാപിക്കുമ്പോൾ നിലവിലുണ്ടായിരുന്ന ഒമ്പത് ഭാര്യമാരുടെ വിവാഹത്തെക്കുറിച്ചാണ് മുകളിൽ നാം പ്രസ്താവിച്ചത്. മറ്റൊരു ഭാര്യയും 'സാധുക്കളുടെ ഉമ്മ' (ഉമ്മുൽ മസാകീൻ) എന്ന പേരിൽ അറിയപ്പെട്ടിരുന്നവരുമായ സൈനബ്(g)യും, വേറൊരു ഭാര്യയായിരുന്ന ഖൗലഃ(g)യും തിരുമേനിയുടെ മുമ്പ് തന്നെ ചരമമടഞ്ഞിരുന്നു. അസ്ഹാബ് 50-ാം വചനത്തിൽ പ്രസ്താവിച്ച പ്രകാരം നബി(ﷺ) തിരുമേനിക്കു സ്വന്തം ദേഹങ്ങളെ ദാനം ചെയ്തവരായിരുന്നു ഈ രണ്ടുപേരും.

മേൽ വിവരിച്ച ഏതൊരു വിവാഹത്തെ എടുത്തുനോക്കിയാലും, അത്

നബി(ﷺ) തിരുമേനിക്കു ദാമ്പത്യസുഖത്തിലുള്ള താൽപര്യത്തിൽനിന്ന് ഉളവായതായിരുന്നുവെന്ന് വക്രവീക്ഷണഗതിയില്ലാത്ത ഒരാൾക്കും പറയുവാൻ സാധ്യമല്ല. ഇസ്‌ലാമിനുമുമ്പും, അതിന്റെ ആദ്യഘട്ടങ്ങളിലും ഒരാൾക്ക് ഇത്ര ഭാര്യമാരേ ഉണ്ടായിരിക്കുവാൻ പാടുള്ളൂവെന്നു നിയമമുണ്ടായിരുന്നില്ല. ക്വുർആൻ (സൂ.അഹ്സാബ് 51ൽ) തിരുമേനി ഉദ്ദേശിക്കുന്ന ഭാര്യമാരെ സ്വീകരിക്കുവാനും, ഉദ്ദേശിക്കുന്നവരെ ഒഴിവാക്കുവാനും അല്ലാഹു സമ്മതം നൽകുകയും ചെയ്തു. അതേ സമയത്ത് തിരുമേനിയുടെ നിലവിലുള്ള ഭാര്യമാർക്ക് പുറമെ പുതുതായി വിവാഹം ചെയ്യുന്നതും, അവരെ വിട്ടു പകരം വേറെ ഭാര്യമാരെ സ്വീകരിക്കുന്നതും, നബി(ﷺ)ക്കു ശേഷം അവിടുത്തെ ഭാര്യമാരെ മറ്റൊരാൾ വിവാഹം ചെയ്യുന്നതും അല്ലാഹു (സൂ. അഹ്സാബ് 52-53ൽ) വിരോധിക്കുക

യും ചെയ്തു. അപ്പോൾ നിലവിലുള്ള ഒമ്പതുപേരിൽ നാലുപേരൊഴിച്ചു ബാക്കിയുള്ളവരെ വേർപ്പെടുത്തുക എന്നു വെച്ചാലത്തെ സ്ഥിതി എന്തായിരിക്കും? ഇവരിൽ ഏതെങ്കിലും അഞ്ചുപേരെ പിരിച്ചയക്കുന്നപക്ഷം – ഓരോരുത്തരെയും വിവാഹം ചെയ്ത പരിസ്ഥിതിയും, ഉദ്ദേശ്യവും, ഇസ്‌ലാമിനു അതുമൂലമുണ്ടായ നേട്ടവുമെല്ലാം വിലയിരുത്തുമ്പോൾ – അതിന്റെ ഭവിഷ്യത്ത് എത്രമാത്രം വമ്പിച്ചതായിരിക്കുമെന്ന് ആലോചിച്ചുനോക്കുക! അറേബ്യയിൽ അതുമൂലം സംഭവിക്കുവാനിരിക്കുന്ന കോളിളക്കം എത്ര ഭയങ്കരമായിരിക്കും.?!!!

തങ്ങളുടെ ഐഹികമായ യാതൊരു താൽപര്യത്തെയും വകവെക്കാതെ, മിക്കവാറും അർദ്ധപട്ടിണികൊണ്ട് തൃപ്തിയടഞ്ഞ് റസൂൽ തിരുമേനിയുടൊപ്പം ജീവിക്കുവാനും, അല്ലാഹുവിന്റെയും റസൂലിന്റെയും പ്രീതി മാത്രം സമ്പാധിക്കാ

നും ദൃഢപ്രതിജ്ഞ ചെയ്തവരാണല്ലോ ഈ ഓരോ ഭാര്യയും. ഇവരിൽ ആരെയെങ്കിലും പിരിച്ചുവിട്ടേക്കുന്നത് എത്രമേൽ അന്യായമായിരിക്കും?! ഒരു നിലക്കും തിരുമേനിയെ പിരിഞ്ഞുപോകാൻ ഇഷ്ടപ്പെടാത്തതുകൊണ്ടാണല്ലോ സൗദഃ(g) തന്റെ ദിവസങ്ങൾ ആഇശഃ(g)ക്കു വിട്ടുകൊടുത്തുകൊണ്ട് തിരുമേനിയുടെ ഭാര്യാ പദം മുറിച്ചുകളയാതിരിക്കുവാൻ അപേക്ഷിച്ചതും. എല്ലാ ഭാര്യമാരും ഒന്നിച്ചുചേർന്നു തിരുമേനിയോടു ചിലവിനാവശ്യപ്പെട്ട സംഭവത്തിൽ – (സൂ. അഹ്സാബിലെ 28ാം വചനം അവതരിച്ച അവസരത്തിൽ) – ഒരു തീരുമാനമെടുക്കുന്നത് മാതാപിതാക്കളോട് ആലോചിച്ചു ചെയ്താൽ മതിയെന്നു തിരുമേനി പറഞ്ഞപ്പോൾ, കേവലം ബാലികപ്രായം വിട്ടുമാറിയിട്ടില്ലാത്ത ആഇശഃ(g) അതിനു പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'അങ്ങയുടെ കാര്യത്തിലാണോ

ഞാൻ മാതാപിതാക്കളോടു ആലോചന നടത്തുന്നത്?!’

നബി(ﷺ) തിരുമേനിയുടെ വിവാഹങ്ങളെല്ലാം തന്നെ, നാലു ഭാര്യമാരിലധികം പാടില്ലന്ന നിയമം വരുന്നതിനു മുമ്പായിരിക്കാനും സാധ്യത കാണുന്നു. ഏതായാലും, ആ നിയമം വന്നപ്പോൾ എന്തുകൊണ്ട് നാലാളൊഴിച്ചു മറ്റുള്ളവരെ പിരിച്ചുവിട്ടില്ല? എന്നു ചോദിക്കുന്നവർ, അവരെ പിരിച്ചുവിട്ടാലുണ്ടാകുന്ന ഉപരിസൂചിതങ്ങളായ ഭവിഷ്യത്തുകൾക്കുപുറമെ വേറെ ചില സംഗതികളും ഓർക്കേണ്ടതായുണ്ട്. ചില ആളുകൾ ഇസ്‌ലാമിൽ വന്നപ്പോൾ അവർക്ക് നിലവിലുണ്ടായിരുന്ന നാലിലധികം ഭാര്യമാരിൽ നാലു പേരെ മാത്രം തിരഞ്ഞെടുത്തു, മറ്റുള്ളവരെ പിരിച്ചു വിടുവാൻ കൽപിക്കപ്പെട്ടത് ശരിതന്നെ. പക്ഷേ, അവർ ഇസ്‌ലാമിൽ വന്നത് നാലു ഭാര്യമാരുടെ നിയമം അവതരിച്ച ശേഷമായി

രുന്നുവെന്നും, അവർ ഇസ്‌ലാമിൽ വന്നതുമുതൽ ആ നിയമം അനുസരിക്കുവാൻ ബാധ്യസ്ഥരായെന്നും വ്യക്തമാണ്. ആ നിയമം അവതരിക്കുന്നതിനുമുമ്പു ഇസ്‌ലാമിൽ വന്നിട്ടുള്ള ആരോടും തന്റെ ഭാര്യമാരിൽ നാലാളൊഴിച്ചു ബാക്കിയുള്ളവരെ പിരിച്ചുവിടാൻ കൽപിക്കപ്പെട്ടതായി അറിയപ്പെടുന്നില്ല. നാലിലധികം ഭാര്യമാരുണ്ടായിരുക്കുകയെന്നത് അക്കാലത്ത് വളരെ അപൂർവ്വമൊന്നും അല്ലായിരുന്നുതാനും. എന്നിരിക്കെ, നബി(ﷺ) മാത്രം നാലിലധികം ഭാര്യമാരെ വെച്ചുകൊണ്ടിരിന്നുവെന്നു പറയാൻ ന്യായമില്ല.

മേൽ വിവരിച്ചതിൽനിന്ന് നബി(ﷺ) തിരുമേനി ഒരു കാമാസക്തനോ, വിവാഹപ്രിയനോ ആയിരുന്നില്ലെന്നും, തിരുമേനിയുടെ ഓരോ വിവാഹം പരിശോധിച്ചാലും അതിൽ മഹത്തായ ചില ഉദ്ദേശ്യങ്ങൾ അടങ്ങിയിരിന്നുവെന്നും, ക്വുർ

ആന്റെ ഏതെങ്കിലും നിയമ നിർദ്ദേശ ത്തിനുവിരുദ്ധമായി തിരുമേനി യാതൊ ന്നും ചെയ്തിട്ടില്ലെന്നും നല്ലപോലെ വ്യ ക്തമാണ്. ഇതര മുസ്ലീംകൾക്ക് അനു വദിക്കപ്പെടാത്ത വല്ല ആനുകൂല്യവും അവിടുന്ന് ഉപയോഗപ്പെടുത്തിയിട്ടുണ്ടെ ങ്കിൽ, അത് അല്ലാഹു തിരുമേനിക്കു പ്രത്യേകം അനുവദിച്ചു കൊടുത്തതു കൊണ്ടാണെന്നും, പ്രവാചകന്മാരെ മറ്റു ള്ളവരുടെ അതേ അളവുകോൽ വച്ച് അളക്കുവാൻ പാടില്ലെന്നുംകൂടി നാം മനസ്സിലാക്കേണ്ടതാകുന്നു. അല്ലാഹു നമുക്കു സൽബുദ്ധിയും നേർമാർഗ്ഗവും തന്നനുഗ്രഹിക്കട്ടെ. ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين.

നബി(ﷺ)യുടെ വിവാഹങ്ങൾ,
വസ്തുതയെന്ത് ??

വിഷയ സൂചിക

നമ്പർ	വിഷയം	പേജ്
1	നബി(ﷺ)യുടെ ഒന്നാമത്തെ വിവാഹം	2
2	മറ്റു വിവാഹങ്ങൾക്ക് പൊതുവിലുള്ള കാര ണങ്ങൾ	8
3	നബി (ﷺ) തിരുമേനിയു ടെ വിവാഹങ്ങളും അവ യുടെ സന്ദർഭങ്ങളും	23
	1. സൗദ (g)	23
	2. ആഇശ (g)	25
	3. ഹഫ്സ്വഃ (g)	31
	4. ഹിൻദ് എന്ന ഉമ്മു സലമ (g)	34
	5. സൈനബ് (g)	35
	6. ജുവൈരിയ (g)	38

നബി(ﷺ)യുടെ വിവാഹങ്ങൾ, വസ്തുതയെന്ത് ??

	7. റംലഃ എന്ന ഉമ്മു ഹബീബ (g)	41
	8. സ്വഫിയ്യ (g)	44
	9. മൈമൂനഃ (g)	45
4	മറ്റു ചില വിവാഹങ്ങൾ	47